പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4076

20-03-2018 ൽ മറുപടിക്ക്

## കാർഷിക വായ്പകൾക്ക് പലിശ ഒഴിവാക്കൽ

ചോദ്യം
**ശ്രീ. പി. ടി.തോമസ്**

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് മൂന്ന് ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളുടെ പലിശ പൂർണ്ണമായും ഒഴിവാക്കി കാർഷികമേഖലയ്ക്ക് പുതുജീവൻ നൽകിയിരുന്നോ; | (എ) | മൂന്ന് ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ പലിശയിളവ് പദ്ധതിയാണ് നിലവിലുള്ളത്. ഇതിൻപ്രകാരം ബാങ്കുകൾ 9% പലിശയ്ക്ക് വായ്പ നൽകുന്നു. കേന്ദ്ര സർക്കാർ 2% പലിശ സബ് വെൻഷൻ നൽകി ഇത് 7% ന് കർഷകർക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമെ വായ്പ കൃത്യമായി അടയ്ക്കുന്ന കർഷകന് 3% അഡീഷണൽ സബ്സിഡി കൊടുക്കുന്നതുകൊണ്ട് കൃത്യമായി അടയ്ക്കുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 4% പലിശ നൽകിയാൽ മതിയാകും എന്ന് എസ്.എൽ.ബി.സി കൺവീനർ അറിയിച്ചിട്ടുണ്ട്.<br><br>കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന ചെറുകിട നാമമാത്ര കർഷകരുടെ മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിന് പലിശ സബ്സിഡി നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി 2011-12 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നതായും നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നുള്ള പലിശ സബ്സിഡിയായ 3% കിഴിച്ച് ബാക്കിയുള്ള 4% പലിശ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകിവരുന്നതിലൂടെ കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കി കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകാൻ കഴിയുന്നുവെന്ന് സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത രീതിയിലുള്ള ഇളവ് കാർഷിക ലോണുകൾക്കു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | ഉണ്ട്. കാർഷിക വായ്പകൾ നൽകുന്നത് 7% പലിശ നിരക്കിലാണ്. കൃത്യമായി തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് നബാർഡിൽ നിന്നുള്ള പലിശ സബ്സിഡിയായ 3% കഴിച്ച് 4% പലിശ സബ്സിഡി നൽകുന്നതിനായി സംസ്ഥാന സർക്കാർ പദ്ധതിയിതര വിഭാഗത്തിൽ 2016-17 സാമ്പത്തിക വർഷം വരെ 7 കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും ഇതൊരു തുടർ പദ്ധതിയായതിനാൽ 2017-18 ലെ ബഡ്ജറ്റിലും ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും നിലവിലുള്ള വായ്പാ ചട്ടങ്ങൾ അനുസരിച്ച് നെൽകൃഷിക്ക് വായ്പ എടുത്ത ശേഷം വായ്പ കാലാവധിയ്ക്കുള്ളിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് ടി വായ്പകളും പലിശരഹിതമായി നൽകി വരുന്നുണ്ടെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ